# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 01

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ ബി .പി.ഇ.എസ്.(2016 അഡ്മിഷൻ റ ഗുലർ) പരീക്ഷ ജൂലൈ 15 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂലൈ അഞ്ചു വരെയും 500 രൂപ പിഴയോടെ ജൂലൈ ആറു വരെയും 1000 രൂപ സൂപ്പർഫൈനോടെ ജൂലൈ എട്ടുവരെയും അപേക്ഷിക്കാം . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1241/2019)

## പരീക്ഷ ഫലം

2019 ജനവരിയിൽ നടന്ന രണ്ടാംവർഷ ബി .എസ് സി . നഴ്സിങ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് ജൂലൈ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1242/2019)

## സൂക്ഷ്മപരിശോധന

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം .ബി.എ. പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലൈ നാല് , അഞ്ച് തീയതികളിൽ സർവകലാശാല സിൽവർ ജൂബിലി പരീക്ഷ ഭവനിലെ ഇ.ജെ. 8 (റൂം നമ്പർ 226) സെക്ഷനിൽ അസൽ തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരാകണം.

(പി.ആർ.ഒ./39/1243/2019)

## വൈവവോസി

2019 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ, റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ വൈവവോസി ജൂലൈ 12ന് എറണാകുളം സെന്റ് തെരേസാസ് കോളജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1244/2019)

## പ്രാക്ടിക്കൽ

2019 മേയിൽ നടന്ന നാലാം സെമസ്റ്റർ എം .എസ് സി . ബയോകെമിസ്ട്രി(സി.എസ്.എസ്. 2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 17 മുതൽ ന ടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1245/2019)

## ബി.എ., ബി.കോം. നോഷണൽ

## രജിസ്ട്രേഷൻ ജൂലൈ 11 വരെ

ബി.എ., ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് അഞ്ച് , ആറ് സെമസ്റ്ററുകളിലേക്ക് 1000 രൂപ സൂപ്പർഫൈനോടെ നോഷണൽ രജിസ് ട്രേഷൻ നടത്താനുള്ള തീയതി ജൂലൈ 11 വരെ ദീർഘിപ്പിച്ചു. മൊത്തം 4450 രൂപയാണ് ഫീസ്.

(പി.ആർ.ഒ./39/1246/2019)

## സംവരണ സീറ്റൊഴിവ്:

## സ്പോട് അഡ്മിഷൻ ജൂലൈ മൂന്നിന്

മഹാത്മാഗാന്ധി സർവകലാശാല ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിങ് ആൻഡ് സെന്റർ സ്റ്റേറ്റ് ഫിനാൻസ് റിലേഷൻസിൽ എം .എ. ഇക്കണോമിക്സ് പ്രോഗ്രാമിൽ എസ് .സി. വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലേക്ക് സ് പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ജൂലൈ മൂന്നിന് നട ക്കും. താത്പര്യമുള്ളവർ രാവിലെ 10ന് യോഗ്യത തെളിയിക്കുന്ന രേഖകളുമായി സെന്റർ ഡയറക്ടറുടെ ഓഫീസിലെത്തണം.

(പി.ആർ.ഒ./39/1247/2019)

## സൗജന്യ കേൾവി പരിശോധന ക്യാമ്പും

## ശ്രവണസഹായി വിതരണവും

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസെബിലിറ്റിയും മുംബൈയിലെ ദേശീയ സ്പീച്ച് ആ ൻഡ് ഹിയറിങ് ഡിസെബിലിറ്റി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് സൗജന്യ കേൾവി പരിശോധന ക്യാമ്പും ശ്രവണസഹായി വിതരണവും നടത്തുന്നു. ജൂലൈ 15 മുതൽ 19 വരെയാണ് ക്യാമ്പ്. ശ്രവണവൈകല്യമുള്ളവർ മാസം 15000 രൂപയിൽ താഴെ കുടുംബവരുമാനമുള്ള വരുമാന സർട്ടിഫിക്കറ്റ് /ബി.പി.എൽ. റേഷൻ കാർഡ്, വികലാംഗ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പും രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ജൂലൈ 10നകം പേര് രജിസ്റ്റർ ചെയ്യണം . അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി പ്രത്യേക ബോധവൽക്കരണ സെമിനാറും നടക്കും. വിശദവിവരത്തിന് ഫോൺ: 9946226638.

(പി.ആർ.ഒ./39/1248/2019)

## താത്പര്യപത്രം ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിൽ രാജ്യാന്ത ര വിദ്യാർഥികൾക്ക് ഹോസ്റ്റൽ സൗകര്യമൊരുക്കുന്നതിനായി 2000-2500 ചതുരശ്രയടിയുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് താത്പര്യപത്രം ക്ഷണിച്ചു . സർവകലാശാല കാമ്പസിന് 10 കിലോമീറ്ററിനുള്ളിലായിരിക്കണം. മെയിൻ റോഡിൽനിന്ന് പരമാവധി 1.5 കിലോമീറ്ററിനുള്ളിലുള്ള അഞ്ച് ബെഡ് റൂ മും അറ്റാച്ച്ഡ് ബാത്ത് റൂമും 10 പേർക്ക് താമസിക്കാൻ കഴിയുന്നതുമായ വീട് /കെട്ടിടമായിരിക്കണം. ജൂലൈ 10 വരെ താത്പര്യപത്രം സമർപ്പിക്കാം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1249/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ